## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1857 — 17.12.2012-ൽ മറുപടിക്ക്

## മദ്യപാനം മൂലം നശിച്ച കുടുംബങ്ങൾക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

(എ) കുടുംബനാഥൻമാരുടെ മദ്യപാനം കാരണം നശിച്ച കുടുംബങ്ങൾക്ക് ബിവറേജസ് കോർപ്പറേഷന്റെ ലാഭത്തിൽ നിന്നും ധനസഹായം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ടെങ്കിൽ മദ്യാപാനം കാരണം നശിച്ച കുടുംബങ്ങളുടെ ദുരിതമകറ്റാൻ ഉതകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി) സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നല്കുവാൻ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചു. 2012-13 സാമ്പത്തിക വർഷത്തിൽ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഡീ-അഡിക്ഷൻ സെന്ററുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സഹായം നൽകുവാൻ 3.75 കോടി രൂപ മാറ്റി വെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.